

TUESDAY 31-01-2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : PADMAM S    Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-31/01/2023.

1. കേരള സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടത്തുന്ന വൈഗ 2023 ൽ B2B മീറ്റ് സംഘടിപ്പിക്കുന്നു. 2023 ഫെബ്രുവരി 28ന് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ നടക്കുന്ന വൈഗ B2B മീറ്റിൽ പങ്കെടുക്കുന്നതിന് കർഷക ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ, കൃഷി അനുബന്ധ മൈക്രോ സ്മാൾ ആന്റ് മീഡിയം എൻറർപ്രൈസസ് എന്നീ വിഭാഗങ്ങൾക്ക് https://zfrmz.com/Ur5SBhfqSvMU7TcQNESh എന്ന ലിങ്ക് വഴിയോ, www.vaigakerala.com എന്ന വെബ്സൈറ്റ് വഴിയോ ഫെബ്രുവരി 1 ന് മുൻപായി രജിസ്റ്റർ ചെയ്യാവുന്നതാണ്. കാർഷിക മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിന് വേണ്ട അസംസ്കൃത ഉൽപന്നങ്ങളും, മൂല്യ വർദ്ധിത ഉൽപന്നങ്ങളും വിൽക്കാനും വാങ്ങാനും ഉത്പാദകരും ഉപഭോക്താക്കളും/സംരഭകരും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി അന്നേ ദിവസം വ്യക്തിഗത മീറ്റിംഗ് ക്രമപ്പെടുത്തി നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9387877557 9846831761** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. നെടുമങ്ങാട് കാർഷിക ബ്ലോക്കിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് കൈത്താങ്ങായി കൃഷിവകുപ്പ് മന്ത്രി പി. പ്രസാദും ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിലും കൃഷിദർശൻ നെടുമങ്ങാട് ടൗൺഹാളിൽ നടന്ന കാർഷിക അദാലത്തിൽ കർഷകരുടെ പരാതികളും നിവേദനങ്ങളും മന്ത്രിമാർ പരിശോധിക്കുകയും, വേദിയിൽ വച്ച് തന്നെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്തു. കാർഷിക അദാലത്തിൽ ഓൺലൈൻ ആയി ലഭിച്ച 36 പരാതികളും വേദിയിൽ നേരിട്ട് ലഭിച്ച 2 പരാതികളും കൃഷി മന്ത്രി പരിശോധിക്കുകയും അദാലത്ത് വേദിയിലെത്തിയ 14 കർഷകരെ നേരിൽ കേൾക്കുകയും ചെയ്തു. തീർപ്പ് കൽപ്പിക്കാൻ കഴിയുന്ന എല്ലാ പരാതികൾക്കും വേദിയിൽ തന്നെ പരിഹാരം കാണുകയും ശേഷിക്കുന്ന പരാതികൾ ഉടനെ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ വേദിയിൽ വച്ച് തന്നെ കൃഷിമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു. ബ്ലോക്കിലെ കർഷകർ ഉന്നയിച്ച പ്രധാന പ്രശ്നമായ വന്യ ജീവി ആക്രമണം കുറയ്ക്കുന്നതിന് സോളാർ വേലി, ജൈവവേലി, ജൈവ വികർഷണി,

മറ്റു ജൈവ നിയന്ത്രണ മാർഗങ്ങൾ തുടങ്ങിയവ ചെയ്യുന്നതിന് 40 ലക്ഷം രൂപക്കുള്ള പുതിയ ഒരു പദ്ധതി നെടുമങ്ങാട് കാർഷിക ബ്ലോക്കിന് വേണ്ടി മന്ത്രി അനുവദിച്ചു. കൂടാതെ 2023-24 കാലയളവിൽ ആർ കെ വി വൈ പദ്ധതി പ്രകാരം വന്യമൃഗ ശല്യം കുറയ്ക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി കൂടി ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതാണ് എന്നും മന്ത്രി അറിയിച്ചു. നെടുമങ്ങാട് കൃഷിഭവൻ പരിധിയിൽ ഒരു ഇക്കോഷോപ്പ് സ്ഥാപിക്കുന്നതിനുള്ള കൃഷി ഡയറക്ടറുടെ ഉത്തരവും പുറപ്പെടുവിച്ചു. കൃഷിക്ക് വേണ്ട ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മന്ത്രി വേദിയിൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

3. എല്ലാവർഷവും ജനുവരി മാസം 15 മുതൽ 31 വരെ സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ജന്തുക്ഷേമദ്വൈവാരം ആചരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി മൃഗപരിപാലനത്തിനും മൃഗക്ഷേമത്തിനുമായി ഇന്ന് (31.01.2023) രാവിലെ 10.30 മണിക്ക് തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ വച്ച് **ജന്തുക്ഷേമവും മൃഗസംരക്ഷണ വകുപ്പും** എന്ന വിഷയത്തെ ആസ്പദമാക്കി സംസ്ഥാനതല സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്ന് നാലുമണിക്ക് നടത്തുന്ന ജന്തുക്ഷേമ ദ്വൈവാരാചരണ സമാപന സമ്മേളനം ഉദ്ഘാടനം ബഹു. ഗതാഗതാവകുപ്പ് മന്ത്രി അഡ്വ. ആന്റണി രാജുവിന്റെ അധ്യക്ഷതയിൽ ബഹു. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി നിർവഹിക്കുന്നു. ചടങ്ങിൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം. ബി. രാജേഷ് മുഖ്യാതിഥി ആയിരിക്കും.

കൂടാതെ മൃഗ ക്ഷേമ വാരാചരണം കൊല്ലത്ത് ഫാത്തിമ മാതാ നാഷണൽ കോളേജിൽ ഇന്ന് (31.01.2023) നടക്കും. ഇതോടനുബന്ധിച്ച് ചിത്രരചന, ഉപന്യാസം, ക്വിസ് മത്സരങ്ങൾ എന്നിവയോടൊപ്പം അരുമ മൃഗങ്ങളുടെയും പക്ഷികളുടേയും വിപുലമായ പ്രദർശനവും കോളേജ് ഗ്രൗണ്ടിൽ സംഘടിപ്പിക്കും. കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ **"ഭൂമിയുടെ അവകാശികൾ"** എന്ന വിഷയത്തിൽ സെമിനാറും നടക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### പരിശീലന പരിപാടികൾ

4. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം ഫെബ്രുവരി 06 മുതൽ 10 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

5. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "കൂൺ കൃഷി " എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2023 ഫെബ്രുവരി 1 ന് തുടങ്ങുന്നു . ഈ കോഴ്സിൽ ചേരുന്നതിന് 2023 ജനുവരി 31 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ ഉപയോഗിച്ചോ മൊബൈൽ ഫോൺ (സ്മാർട്ട് ഫോൺ) ഉപയോഗിച്ചോ പഠനം നടത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് ഫെബ്രുവരി 1 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

### കാർഷിക നിർദ്ദേശങ്ങൾ

6. കാബ്ബേജിൽ ഡയമണ്ട് ബാക് മോത്തിന്റെ ആക്രമണം കണ്ടുവരുന്നു. ഇവയുടെ പുഴുക്കൾ ഇലകളുടെ ഉപരിതലം കാർന്നുതിന്നുന്നതിന്റെ ഫലമായി ഇലകളിൽ വെളുത്ത പാടുകൾ വീഴുന്നു. കടുത്ത കീടബാധയുള്ള അവസ്ഥയിൽ ഇവ പൂർണ്ണമായും ഇലകൾ തിന്നു നശിപ്പിക്കുന്നു. രോഗത്തിന്റെ

തുടക്കത്തിൽ തന്നെ ബ്യൂവേറിയ ബാസ്സിയാന 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ വൈകുന്നേരങ്ങളിൽ കലക്കി തളിക്കുക. അല്ലെങ്കിൽ ബാസ്സില്ലസ്സിന്റെ ഫോർമുലേഷനുകൾ നിർദ്ദേശിച്ചിട്ടുള്ള തോത് പ്രകാരം തളിച്ചുകൊടുക്കുക. രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ ഫെയിം 1.5 ml / 10 L അല്ലെങ്കിൽ കൊറാജെൻ 3 ml / 10 L എന്ന തോതിൽ തളിച്ചുകൊടുക്കുക.

കിഴങ്ങുവിളയായ ചേന ഫെബ്രുവരിമാസത്തോടുകൂടി നടാവുന്നതാണ്. ഇതിനായി മുറിച്ച് വച്ചിരിക്കുന്ന വിത്തുകൾ ചാണകവെള്ളത്തിൽ മുക്കി തണലത്ത് വച്ച് ഉണക്കുക. ചേനയിൽ വരാൻ സാധ്യതയുള്ള നിമാവിരകള അകറ്റുന്നതിന്റെ മുൻകരുതലായി ബാസില്ലസ് കൾച്ചർ മൂന്നു ഗ്രാം ഒരു കിലോഗ്രാം വിത്തിന് എന്ന കണക്കിൽ വിത്ത് പരിചരണത്തിനായി ഉപയോഗിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം